സമുദായക്കാരാക്കി മാറേണ്ടവർ എന്നു് കേരള ഗവൺമെന്റിനു് അഭിപ്രായമുള്ള സമുദായങ്ങളെക്കൂടി ആ കോർപ്പറേഷന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടു്. അതനുസരിച്ചു് കുടുംബിസമുദായവും ഇതിൽപ്പെടുന്ന സമുദായമാണു്.

ശ്രീ. എം.കെ. കേശവൻ: പട്ടികജാതിക്കാരുടെ കൂടെ കുടുംബി സമുദായത്തെക്കൂടി ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോടു് സംസ്ഥാന ഗവൺമെന്റു് ശുപാർശചെയ്തിട്ടുള്ളതായി അറിയുന്നു. ഈ വിഭാഗത്തിൽപ്പെട്ട ആളുകളും നമ്മുടെ സംസ്ഥാനത്തു് എത്രയുണ്ടെന്നു് വ്യക്തമായ കണക്കു ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: വ്യക്തമായ കണക്കു് ഗവൺമെന്റിന്റെ കൈവശമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മണ്ണെണ്ണ വിതരണം

* 557 [582] ശ്രീ. ഇ.കെ. പിള്ള:
,, വി.ടി. സെബാസ്റ്റ്യൻ:
,, ഇ. ചന്ദ്രശേഖരൻ നായർ:
,, കെ.വി. കുര്യൻ:
,, ടി.എം. ജേക്കബു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുവാൻ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവെന്തു്;

(ബി) ഉപഭോക്താക്കൾക്കു് വിതരണം ചെയ്യാൻ ഒരു മാസം എത്രമാത്രം മണ്ണെണ്ണ വേണ്ടിവരും?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ): (എ, ബി) 1978 ജനുവരി മുതൽ 1979 മാർച്ചുവരെ പ്രതിമാസം ശരാശരി 13900 കിലോ ലിറ്റർ മണ്ണെണ്ണ ലഭിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ ഉപഭോക്താക്കൾക്കു ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനു മതിയാകുന്നതാണു്.

റിപ്പബ്ലിക്ദിന പരിപാടികൾ

* 558 [592] ശ്രീ. എം.വി. രാഘവൻ:
,, കെ. അനിരുദ്ധൻ:
,, ചടയൻ ഗോവിന്ദൻ:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു് ഡൽഹിയിൽ നടന്ന പരിപാടിയിൽ കേരളം പങ്കെടുത്തോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ പങ്കെടുക്കാത്തതിനുള്ള കാരണമെന്ത്;

(സി) കേരളം പങ്കെടുക്കാതിരുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്ന് പ്രതിഷേധരൂപത്തിലുള്ള കത്ത് സംസ്ഥാന ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ കത്തിലെ ഉള്ളടക്കം വെളിപ്പെടുത്താമോ;

(ഇ) ഡൽഹിയിലെ റിപ്പബ്ലിക്ദിന പരിപാടി കേരളം ബഹിഷ്ക്കരിച്ചതായി പത്രറിപ്പോർട്ടുകൾ വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) റിപ്പബ്ലിക്ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ കഴിഞ്ഞപ്രാവശ്യം നടന്ന പരേഡിൽ സംസ്ഥാനഗവൺമെന്റ് ഗ്രാമീണ നൃത്തവും ടാബ്ലോയും അവതരിപ്പിക്കുകയുണ്ടായില്ല.

(ബി) ടാബ്ലോയ്ക്കും ഗ്രാമീണ നൃത്തത്തിനും സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റ് അംഗീകരിക്കാത്തതുമൂലമാണ് പങ്കെടുക്കാത്തത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

'തെക്കൻകാറ്റ്' എന്ന പത്രത്തിൽവന്ന വാർത്ത

* 559 [594] ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്മിലിട്ടറിക്കാരായ ആയിരം പേർക്ക് സൈനിക പരിശീലനം നൽകുന്നുവെന്നും വെടിക്കോപ്പുകൾ, തോക്കുകൾ, വാളുകൾ, കുന്തങ്ങൾ മുതലായ മാരകായുധങ്ങൾ ഉപയോഗിക്കുന്ന പരിചയസമ്പന്നരായ ആളുകളെ ഒരുക്കിനിർത്തിയിട്ടുണ്ടെന്നും, കോടിക്കണക്കിലുറുപ്പിക ഈ സേന സംഭരിച്ചിട്ടുണ്ടെന്നും, കള്ളനോട്ട് നിർമ്മാണയന്ത്രവും, ലോറികളും വളരെ വിലയ്ക്കുള്ള ഭക്ഷണസാധനശേഖരണവും മരുന്നും ഇവരുടെ പക്കൽ ഉണ്ടെന്നും, 14 കിലോമീറ്റർ നീളത്തിൽ വനാന്തരത്തിൽ ഇവർ റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും, ഈ സൈനിക പരിശീലനം നാട്ടിന് ഭീഷണിയാണെന്നും 'തെക്കൻകാറ്റ്' എന്ന പത്രത്തിൽ വന്ന വാർത്ത ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഗവൺമെന്റ് ഇതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടികൾ സ്വീകരിച്ചു?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ പത്രവാർത്ത അടിസ്ഥാനരഹിതവും അതിശയോക്തിപരവുമാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly